"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ്- എന്റെ കൂട് സ്ഥാപനത്തിൽ 3 ദിവസത്തിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനും താമസക്കാരിൽ നിന്നും തുക ഈടാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.501/2025/WCDD തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:-

1. സർക്കുലർ നം. 103/2023/ധന തീയതി. 21.12.2023
2. വനിതശിശു വികസന ഡയറക്ടറുടെ 28.02.2023 ലെ DWCD/1978/2022-WEC4 നം. കത്ത്, 11.07.2024, 19.12.2024- ലെ DWCD/3929/2023-WEC1 നം. കത്ത്.

**<u>ഉത്തരവ്</u>**

രാത്രി കാലങ്ങളിൽ നഗരത്തിൽ എത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ വിഭാവനം ചെയ്ത 'എന്റെ കൂട്' പദ്ധതി സംസ്ഥാനത്ത് കോഴിക്കോട് കസബ പോലീസ് സ്റ്റേഷനു സമീപവും തിരുവനന്തപുരം തമ്പാനൂർ ബസ് ടെർമിനലിലെ K.T.D.F.C കെട്ടിടത്തിലും എറണാകുളം കാക്കനാട് കളക്ടറേറ്റിനു സമീപവും പ്രവർത്തിച്ച് വരുന്നു ഒരു സമയം 20 പേർക്ക് താമസിക്കുന്നതിനു സൗകര്യമുള്ള ഈ സ്ഥാപനങ്ങളിൽ വൈകുന്നേരം 06.30 മണി മുതൽ പിറ്റേന്ന് രാവിലെ 7.30 മണി വരെയാണ് പ്രവേശനം നൽകുന്നത്. മാസത്തിൽ ഒരാൾക്ക് പരമാവധി 3 ദിവസത്തേയ്ക്ക് മാത്രമാണ് പ്രവേശനം അനുവദിക്കുക. അടിയന്തിര സാഹചര്യങ്ങളിൽ 3 ദിവസങ്ങളിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനു 150/- രൂപ ഈടാക്കുന്നു. അപ്രകാരം ഈടാക്കുന്ന തുക ഒടുക്കുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ പേരിൽ ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുകയും വരവ് ഇനത്തിൽ ലഭിച്ചിട്ടുള്ള തുക നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

**(2)** 'എന്റെ കൂട്' പദ്ധതി സാമൂഹ്യനീതി വകുപ്പ് തലത്തിൽ ആരംഭിക്കുകയും വകുപ്പ് വിഭജനത്തെ തുടർന്ന് വനിതാ ശിശു വികസന വകുപ്പിന് കൈമാറി ലഭിക്കുകയും ചെയ്ത പദ്ധതിയാണ്. കോഴിക്കോട് ജില്ലയിൽ എന്റെ കൂട് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി പൂർണ്ണമായും തിരുവനന്തപുരം ജില്ലയിൽ എന്റെ കൂട് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി ഭാഗികമായും സാമൂഹ്യനീതി വകുപ്പ് തലത്തിലാണ് സ്വീകരിച്ചിരുന്നത്. എന്റെ കൂട് സ്ഥാപനത്തിൽ മൂന്ന് ദിവസത്തിൽ കൂടുതൽ ഒരു വ്യക്തി താമസിച്ചാൽ തുക ഈടാക്കുന്നതു സംബന്ധിച്ചോ ഇപ്രകാരം ലഭിക്കുന്ന വരവ് തുക നിക്ഷേപിക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനോ ഇതിന്റെ വിനിയോഗം സംബന്ധിച്ചോ സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല എന്ന വിവരം വനിതശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു. നിലവിൽ എറണാകുളം ജില്ലയിൽ പുതുതായി ആരംഭിച്ച എന്റെ കൂട് സ്ഥാപനത്തിലും മൂന്ന് ദിവസത്തിൽ കൂടുതൽ ഒരു വ്യക്തി താമസിച്ചാൽ തുക ഈടാക്കുന്നതു സംബന്ധിച്ചും വരവ് തുക നിക്ഷേപിക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതു സംബന്ധിച്ചും സർക്കാർ അനുമതി ആവശ്യമുണ്ട്. മാത്രമല്ല എന്റെ കൂട് പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനും വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. ടി സാഹചര്യത്തിൽ, വനിതാ ശിശു വികസന വകുപ്പ് തലത്തിൽ എറണാകുളം ജില്ലയിൽ ആരംഭിച്ച എന്റെ കൂട് സ്ഥാപനത്തിൽ മൂന്ന് ദിവസത്തിൽ കൂടുതൽ ഒരു വ്യക്തി താമസിച്ചാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനു 150/- രൂപ ഈടാക്കുന്നതു സംബന്ധിച്ചും ലഭിക്കുന്ന വരവ് തുക നിക്ഷേപിക്കുന്നതിന് എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പേരിൽ ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും സർക്കാർ അനുമതി ലഭ്യമാക്കാതെ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ എന്റെ കൂട് സ്ഥാപനങ്ങളിൽ മൂന്ന് ദിവസത്തിൽ കൂടുതൽ ഒരു വ്യക്തി താമസിച്ചാൽ തുക ഈടാക്കിയതിനും വരവ് തുക നിക്ഷേപിക്കുന്നതിന് ദേശസാത്കൃത ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച നടപടിയും സാധൂകരിക്കണമെന്നും ബാങ്ക് അക്കൗണ്ടിലെ തുക ഒടുക്കുന്നതിനുള്ള ശീർഷകം അറിയിക്കണമെന്നും വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 'എന്റെ കൂട്' പദ്ധതി പ്രകാരം സ്ഥാപനത്തിൽ മൂന്ന് ദിവസത്തിൽ കൂടുതൽ ഒരു വ്യക്തി താമസിച്ചാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനു 150/- രൂപ ഈടാക്കുന്ന നടപടി സാധൂകരിച്ചു കൊണ്ടും ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച നടപടി സാധൂകരിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത അക്കൗണ്ട് എത്രയും വേഗം ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വനിതശിശു വികസന ഡയറക്ടർ

നിർദേശം നല്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. അതോടൊപ്പം 3 ദിവസത്തിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനും താമസക്കാരിൽ നിന്നും നാൾ ഇതുവരെ ഈടാക്കിയ അധിക തുകയും തുടർന്നും ഈ ഇനത്തിൽ ഈടാക്കുന്ന തുകയും 0235-60-800-98-00 — Receipts from Institution under the Social Welfare Service എന്ന വരവ് ശീർഷകത്തിൽ പരാമർശം (1) പ്രകാരം e-treasury വെബ്സൈറ്റ് മുഖേന ഒടുക്കുന്നതിനും എറണാകുളം ജില്ലയിൽ ആരംഭിച്ച എന്റെ കൂട് സ്ഥാപനത്തിൽ മൂന്ന് ദിവസത്തിൽ കൂടുതൽ ഒരു വ്യക്തി താമസിച്ചാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനും 150/- രൂപ ഈടാക്കുന്നതിനും അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതശിശു വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 29-12-2025 17:00:29